**Athmaraksha.org**

മറ്റു ലേഖനങ്ങൾ

## നമ്മുടെ ജീവിതത്തിൽ ദുഃഖങ്ങളും ദുരിതങ്ങളും എന്തുകൊണ്ട് ദൈവം അനുവദിക്കുന്നു?




ജോബ് കഷ്ടത അനുഭവിച്ചപ്പോൾ ദൈവത്തോട് പല ചോദ്യങ്ങൾ ചോദിച്ചു. ഞാൻ എന്തിനു ജനിച്ചു? ഞാൻ എന്തിനു ദുരിതം അനുഭവിക്കുന്നു?. ദൈവം അവനു പ്രത്യക്ഷപ്പെട്ടപ്പോൾ ജോബിന്റെ ചോദ്യങ്ങൾക്ക് മറുപടി പറയുന്നതിനു പകരം പ്രപഞ്ചത്തെപ്പറ്റിയുള്ള ചോദ്യങ്ങൾ അവനോടു ദൈവം ചോദിച്ചു. സൃഷ്ടാവ് സൃഷ്ടിയുടെ തലയിലേക്ക് ചോദ്യങ്ങൾ ഒഴുക്കുന്നതു നിർ!ത്തിയപ്പോൾ ദൈവത്തിന്റെ ചോദ്യങ്ങൾ മനുഷ്യരുടെ ഉത്തരങ്ങളെക്കാൾ ന്യായയുക്തമാണെന്നു ജോബിനു ബോധ്യപ്പെട്ടു.

ദൈവത്തിന്റെ പദ്ധതിയും നമ്മുടെ പദ്ധതിയും വ്യത്യസ്തമായതുകൊണ്ടും ഒരാത്മാവിന്റെ രക്ഷ മറ്റെല്ലാ ഭൗതികമൂല്യങ്ങളെക്കാൾ പ്രാധാന്യമർഹിക്കുന്നതുകൊണ്ടും ദൈവിക ജ്ഞാനത്തിനു തിന്മയിൽ നിന്നും നന്മ കൊണ്ടുവരാൻ സാധിക്കുന്നതുകൊണ്ടും മനുഷ്യമനസ്സ് ദുഖങ്ങളെ സന്തോഷത്തോടെ സ്വീകരിക്കാനുള്ള മനോഭാവം ഉണ്ടാക്കികൊടുക്കണം; അതെത്ര വേദനാജനകമായാലും. സിനിമയിലെ ഒന്നാമത്തെ രംഗത്തിൽത്തന്നെ പ്രധാന കഥാപാത്രത്തിനു വെടിയേറ്റു കൊണ്ട് നാം തിയേറ്ററിന്റെ പുറത്തേക്ക് ഓടുകയില്ലല്ലോ. കഥാകൃത്തിന്റെ മനസ്സിൽ പൂർണ്ണമായ കഥയുള്ളതു കൊണ്ട് അദ്ദേഹത്തിന് നാം ബഹുമതി കൊടുക്കുന്നു. അതുപോലെതന്നെ ദൈവത്തിന്റെ രക്ഷാനാടകത്തിന്റെ ഒന്നാമത്തെ രംഗത്തിൽത്തന്നെ ആത്മാവ് പുറത്തേക്ക് ഓടുന്നില്ല. നാടകത്തിനു മനോഹാരിത നൽകുന്നത് അവസാനത്തെ രംഗമാണ്.

നമുക്ക് സംഭവിക്കുന്ന എല്ലാ കാര്യങ്ങളും നമ്മുടെ ബുദ്ധി കൊണ്ട് ഗ്രഹിക്കാവുന്നതോ, ഇച്ഛാശക്തികൊണ്ട് കീഴ്ടക്കാവുന്നതോ അല്ല. അവ നമ്മുടെ വിശ്വാസത്തിനു സ്വീകരിക്കാവുന്നതും ഇച്ഛകൊണ്ടു കീഴടക്കാവുന്നതുമാണ്. ദൈവം ഒരിക്കലും 'എന്തുകൊണ്ട്' എന്ന ചോദ്യം ചോദിക്കാറില്ല. 'സംശയം, കാപട്യം, സാത്താൻ' ഇവ മൂന്നുമാണ് ഈ ചോദ്യം ചോദിക്കുന്നത്. ദൈവത്തിൽ ശരണം കണ്ടെത്തിയ പറുദീസയിലെ സന്തോഷം സാത്താന്റെ ചോദ്യത്തോടെ തകരുകയാണ്. 'എന്തുകൊണ്ട് ദൈവം നിന്നോടു കൽപിച്ചു?'. ആത്മാർത്ഥമായി സ്നേഹിക്കുന്നവന് സ്നേഹിക്കപ്പെടുന്ന ആളിന്റെ ഓരോ ആഗ്രഹവും ഒരു കൽപന പോലെയാണ്. സ്നേഹത്തിന്റെ അഭ്യർത്ഥനകൾ പെരുകണമെന്ന്

സ്നേഹിക്കുന്നവൻ ആഗ്രഹിക്കുന്നു. ദൈവം എന്തു ചോദിച്ചാലും ദൈവത്തെ സ്നേഹിക്കുന്നവർ അതിനെ എതിർക്കാറില്ല. കഷ്ടപ്പാടുകൾ അവിടുന്ന് അയയ്ക്കുമ്പോൾ അവിടുത്തെ സ്നേഹം സംശയിക്കാറില്ല.

മരുന്നിന്റെ കയ്പ്പ് എന്തുകൊണ്ടെന്ന് വൈദ്യനോടു ചോദിക്കാതെ രോഗി മരുന്നു കഴിക്കുന്നു. കാരണം ഡോക്ടറുടെ അറിവിൽ രോഗി വിശ്വസിക്കുന്നു. അതുപോലെ പരിശുദ്ധാത്മാവ് നിറഞ്ഞ വ്യക്തി 'ദൈവത്തിനു ഏറ്റവും നന്നായി അറിയാം' എന്ന ഉറപ്പോടുകൂടി ജീവിതത്തിലെ എല്ലാ സംഭവങ്ങളും ദൈവദാനമായി സ്വീകരിക്കുന്നു. നമുക്കു ശേഖരിക്കാവുന്നതിലേറെ നിധികൾ ഓരോ നിമിഷവും ദൈവം നമുക്കു നൽകുന്നുണ്ട്. 'ഓരോ നിമിഷത്തിന്റെയും' മൂല്യം വലുതാണ്. ഈ നിമിഷം നമുക്കോരോരുത്തർക്കും വ്യക്തിപരമായി ഒരു സന്ദേശം ദൈവം തരുന്നുണ്ട്. പുസ്തകങ്ങൾ, മതപ്രസംഗങ്ങൾ, പ്രക്ഷേപണങ്ങൾ എന്നിവയെല്ലമാകാം. അവ എല്ലാവർക്കും വേണ്ടിയുള്ളതാണ്. ചിലപ്പോൾ അത്തരത്തിലുള്ള പൊതുവായ ആഹ്വാനങ്ങൾ ചില വ്യക്തികളെ സ്പർശിക്കുമ്പോൾ അവർ അസ്വസ്ഥരാകുന്നു. ദൈവിക നിയമത്തെ അവഗണിക്കുന്നതിനു എപ്പോഴും മുടന്തൻ ന്യായങ്ങൾ കണ്ടെത്താം. ദൈവത്തിന്റെ ധാർമ്മികമോ ആത്മീയമോ ആയ ആഹ്വാനങ്ങൾ ശ്രോതാക്കൾക്കെല്ലാം കൊടുക്കുന്നുവെങ്കിലും 'ഈ നിമിഷം നൽകുന്ന' സന്ദേശം എല്ലാവർക്കും ഒന്നുംതന്നെയല്ല.

എന്റെ ഇതേ സാഹചര്യങ്ങളിൽ ഞാൻ മാത്രമേ ഉള്ളൂ. ഇതേ ഭാരം വഹിക്കുന്ന മറ്റാരും ഇല്ല. അത് രോഗമോ പ്രിയപ്പെട്ടവരുടെ മരണമോ മറ്റെന്തെങ്കിലും പ്രതികൂല സാഹചര്യമോ ആയേക്കാം. നമ്മുടെ ആത്മീയ ആവശ്യങ്ങൾക്ക് ഏറ്റവും യോജിച്ചത് ഈ നിമിഷമാണ്. ഓരോ നിമിഷത്തിൽ നിന്നും നമ്മുടെ കർത്താവുപോലും പാഠങ്ങൾ പഠിച്ചു. അവിടുന്ന് ദൈവമായതുകൊണ്ട് എല്ലാം അറിയാമായിരുന്നു. എന്നിരുന്നാലും ഒരു മനുഷ്യനെന്ന നിലയ്ക്കുള്ള അറിവുകൂടി അവിടുന്ന് അനുഭവിച്ചറിയുന്നുണ്ടായിരുന്നു.

വിശുദ്ധ പൗലോസ് ശ്ലീഹ അതിങ്ങനെ വിവരിക്കുന്നു. 'പുത്രനായിരുന്നിട്ടും തന്റെ സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു' (ഹെബ്രാ :5:8). ഈ നിമിഷം എന്തിനു വേണ്ടിയുള്ളതെന്നു നമ്മെ പഠിപ്പിക്കാൻ വേണ്ടി ദൈവം രൂപകല്പന ചെയ്തിരിക്കുന്ന സർവകലാശാല നാമോരോരുത്തർക്കും വേണ്ടി അതുല്യമായ രീതിയിലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ആ സർവ്വകലാശാലയിൽ ദൈവം ഓരോരുത്തർക്കും കൊടുക്കുന്ന വെളിപ്പെടുത്തലുമായി താരതമ്യം ചെയ്യുമ്പോൾ മറ്റു പഠനരീതികൾ ആഴം കുറഞ്ഞവയും സാവകാശമുള്ളവയുമാണ്.

വളരെ അഗാധമായ അനുഭവത്തിൽ നിന്നും ലഭിക്കുന്ന ഈ ജ്ഞാനം ഒരിക്കലും മറക്കില്ല. അത് നമ്മുടെ സ്വഭാവത്തിന്റെയും വ്യക്തിത്വത്തിന്റെയും ഭാഗമായിത്തീരുന്നു. ഈ നിമിഷത്തെ വിശുദ്ധീകരിച്ച്, ദൈവതിരുമനസ്സുമായി ഐക്യപ്പെടുത്തി സമർപ്പിക്കുന്നവർ ഒരിക്കലും നിരാശരാവുകയില്ല. അവർ ഒരിക്കലും പരാതി പറയുകയോ പിറുപിറുക്കുകയോ ഇല്ല. അവർ എല്ലാ തടസ്സങ്ങളെയും ശക്തമായ പ്രാർത്ഥനയുടെ നീർച്ചാലുകളുമാക്കി മാറ്റി അവയെ അതിജീവിക്കുന്നു. കൂടാതെ അവൻ ഞെരുക്കങ്ങളെയെല്ലാം വളർച്ചയ്ക്കുള്ള അവസരങ്ങളാക്കി മാറ്റുന്നു.

അവിശ്വാസിയാണ് സാഹചര്യത്തെ അതിജീവിക്കാതെ അതിന്റെ ഇരയായിത്തീരുന്നത്. അത്തരത്തിലുള്ള ഒരു വ്യക്തി ദൈവത്തെപ്പറ്റി യാതൊരു ജ്ഞാനവുമില്ലാതെ, അവിടുത്തെ പരിപാലനയിൽ ശരണപ്പെടാതെ തിന്മയുടെ സ്വാധീനത്തിൽ ജീവിക്കുന്നു. അത്കൊണ്ട് തന്നെ അവിടുത്തെ 'കവചം' ഇല്ലാത്തതുകൊണ്ട് കഷ്ടതയുടെ ദിനങ്ങൾ വരുമ്പോൾ തകർന്നുപോകുന്നു. അത്തരത്തിലുള്ള വ്യക്തിയുടെ മനസ്സ് ഖേദിക്കുന്ന ഭൂതകാലത്തിന്റെയും നിയന്ത്രിക്കാൻ സാധിക്കാത്ത ഭാവിയുടെയും പിടിയിൽ അകപ്പെടുന്നു. അങ്ങനെ ഞെരുക്കപ്പെടുന്ന ആൾ പരിപൂർണമായി തിന്മയുടെ സ്വാധീനത്തിൽ അടിമപെടുന്നു.

എല്ലാ കാര്യങ്ങളിലും ദൈവതിരുമനസ്സിനു കീഴ്പെടുന്നവർ നിരാശയിൽ നിന്ന് രക്ഷപെടുന്നു.

കാരണം,ദുഃഖങ്ങൾ വരുമ്പോൾ അവയെല്ലാം സ്നേഹിക്കുന്ന ദൈവത്തിന്റെ ഒരു സമ്മാനമാണ് ഇപ്പോൾ ലഭിക്കുന്നതെന്ന് അവർ മനസിലാക്കുന്നു. ദൈവിക പദ്ധതി മനസ്സിലാക്കി കൊണ്ട് ഈ രീതിയിൽ ഓരോ നിമിഷത്തെയും, രോഗം, അപകടങ്ങൾ , ദുരന്തങ്ങൾ എന്നിവയോടു പൊരുത്തപ്പെടുവാൻ നമുക്ക് കഴിയും.

കടപ്പാട് : pravachakasabdam.com